"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - മൂന്നാറിലെ National Academy of Customs, Indirect Taxes and Narcotics (NACIN), സോണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.883/2024/PWD തീയതി,തിരുവനന്തപുരം, 31-08-2024

---

പരാമർശം:-

1. സെൻട്രൽ ടാക്സ് , സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ് പ്രിൻസിപ്പൽ ചീഫ് കമ്മീഷണറുടെ 06.08.2019 തീയതിയിലെ C.No.I/04/02/2016/CC(KZ)I നമ്പർ കത്ത്.
2. സ. ഉ. (കൈ) 64/2024/RD തീയതി , 14.03.2024
3. പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എൻജിനീയറുടെ 02.05.2024 തീയതിയിലെ CEPWD/4983/2022 - DB 2(PL) -RD നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൂന്നാറിലെ National Academy of Customs, Indirect Taxes and Narcotics (NACIN), സോണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി പരാമർശം 1 പ്രകാരം സെൻട്രൽ ടാക്സ് , സെൻട്രൽ എക്സൈസ്ആൻഡ് കസ്റ്റംസ് പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ കത്ത് നൽകിയിരുന്നു.

2. പ്രസ്തുത റോഡ് നിർമ്മിക്കുന്നതിനായി ഭൂമിക്ക് ഉപയോഗാനുമതി നൽകി മന്ത്രിസഭാ യോഗ തീരുമാനപ്രകാരം റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പരാമർശം 2 ഭേദഗതി ഉത്തരവിൽ 'റോഡ് നിർമ്മാണത്തിനായുള്ള ഫണ്ട് സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്" എന്ന് ഉത്തരവായിരുന്നു. ടി പ്രവർത്തിക്ക് 177.70 ലക്ഷം (ഒരു കോടി എഴുപത്തേഴ ലക്ഷത്തി എഴുപതിനായിരം) രൂപക്ക് 5054-04-337-99(P) എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 3 പ്രകാരം നിരത്ത് വിഭാഗം ചീഫ് എൻജിനീയർ ലഭ്യമാക്കിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൂന്നാറിലെNational Academy of

Customs, Indirect Taxes and Narcotics (NACIN), സോണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള പ്രവേശന റോഡ് നിർമാണത്തിന് ആവശ്യമായ തടസ്സ രഹിത ഭൂമി ഉറപ്പാക്കിയതിനു ശേഷം മാത്രമേ ഈ പ്രവൃത്തി ടെൻഡർ ചെയ്യാൻ പാടുള്ളൂ എന്ന നിബന്ധനക്ക് വിധേയമായി , മൂന്നാറിലെ National Academy of Customs, Indirect Taxes and Narcotics (NACIN), സോണൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലേക്കുള്ള പ്രവേശന റോഡ് നിർമ്മിക്കുന്നതിനായി 177.70 ലക്ഷം (ഒരു കോടി എഴുപത്തേഴ് ലക്ഷത്തി എഴുപതിനായിരം) രൂപയുടെ ഭരണാനുമതി 5054-04-337-99(P) എന്ന ശീർഷകത്തിൽ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUJITHA KUMARI S S
ഡെപ്യൂട്ടി സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Savitha .o.d
Date: 31-08-2024 10:29:12
സെക്ഷൻ ഓഫീസർ

പകർപ്പ്:-
പ്രിൻസിപ്പൽ ചീഫ് കമ്മീഷണർ, സെൻട്രൽ ടാക്സ് , സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ്, I.S പ്രസ് റോഡ് കൊച്ചി.
ചീഫ് എൻജിനീയർ (നിരത്തുകളും ഭരണവും വിഭാഗം), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എൻജിനീയർ (നിരത്ത് വിഭാഗം), സെൻട്രൽ സർക്കിൾ, ആലുവ.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, (നിരത്ത് വിഭാഗം), പൊതുമരാമത്ത് വകുപ്പ്, ഇടുക്കി .
ധനകാര്യ വകുപ്പ്(ഫയൽ നം.ഐ&പി.ഡബ്ല്യു-ബി1/216/2024-ധന(ഇ-2865203) തീയതി 19/08/2024)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
റവന്യൂ വകുപ്പ് (U.O.Note No: A2/256/2019 dated 23/03/2024)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി